# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2253 18.12.2012 ൽ മറുപടിയ്ക്ക്

## വൈറ്റില ഹബ്ബിന് പുതിയ ഫെയർസ്റ്റേജ്

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകൾക്ക് വൈറ്റില ഹബ് ഫെയർസ്റ്റേജായി തീരുമാനിച്ചിട്ടുണ്ടോ; വൈറ്റില ഹബ്ബിൽ ഏതെല്ലാം ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട് ; വൈറ്റില ഹബ്ബിൽ നിന്നും ചേർത്തല വരെ എത്ര കിലോമീറ്റർ ദൂരമുണ്ട് ; ഈ ദൂരത്തേയ്ക്ക് അമിത തുക ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഈടാക്കുന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് വൈറ്റില മൊബിലിറ്റി ഹബ്ബ് ഫെയർസ്റ്റേജായി അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം ബൈപ്പാസ് വഴി സർവ്വീസ് നടത്തുന്നതും എറണാകുളം ഡിപ്പോയിൽ പോകാത്തതുമായ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള എല്ലാ സൂപ്പർ ക്ലാസ്സ് സർവ്വീസുകൾക്കും വൈറ്റില മൊബിലിറ്റി ഹബ്ബ് എറണാകുളം ഡിപ്പോയുടെ ഐഡന്റിക്കൽ ഫെയർസ്റ്റേജായും അനുവദിച്ചിട്ടുണ്ട്. വൈറ്റില ഹബ്ബിൽ നിന്നും ചേർത്തല വരെ 32.3 കിലോമീറ്റർ ദൂരത്തിലാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്. ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് അമിത കൂലി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) വൈറ്റില ഹബ്ബിനെ പുതിയ ഫെയർസ്റ്റേജ് ആയി തീരുമാനിച്ച് ബസ്സ് ചാർജ്ജ് പുനക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | വൈറ്റില ഹബ്ബിന് ബസ് സ്റ്റേഷന്റെ തുല്യ പരിഗണന നല്കി ഐഡന്റിക്കൽ ഫെയർസ്റ്റേജ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.